"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- കൊല്ലം ജില്ലയിലെ ഇളമാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. എം. എ. സത്താർ നിരവധി അസുഖങ്ങളാൽ ചികിത്സ തേടിയതിന്റെയും നിലവിൽ പ്രോസ്റ്റേറ്റ് കാൻസർ ചികിത്സ തേടുന്നതിന്റെയും അടിസ്ഥാനത്തിൽ ചികിത്സാ ചെലവ് തുക 4,64,556/-രൂപ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ.(സാധാ) നം.2243/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/10/2019

---

പരാമർശം:-1 കൊല്ലം, ഇളമാട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 9/08/2019-ലെ സി2-511/19 നമ്പർ കത്തും അനുബന്ധ രേഖകളും.

2 ഇളമാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഗ്രാമ പഞ്ചായത്തിന്റെ 13/08/2019-ലെ ധനസ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ ഇളമാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് നിരവധി അസുഖങ്ങളാൽ ചികിത്സ തേടിയതിന്റെയും നിലവിൽ പ്രോസ്റ്റേറ്റ് കാൻസർ ചികിത്സ തേടുന്നതിന്റെയും അടിസ്ഥാനത്തിൽ ചികിത്സാ ചെലവ് 4,64,556/-രൂപ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് പഞ്ചായത്ത് പ്രസിഡണ്ട് പരാമർശം (1)- ലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. ട്രാവൻകൂർ മെഡിക്കൽകോളേജ്, അമൃത ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിൽ ചികിത്സ തേടിയതിന്റെ രേഖകളുടെ പകർപ്പും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ പഞ്ചായത്തിന്റെ ധന സ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റും പരാമർശം (2) പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി. വിവിധ അസുഖങ്ങളാൽ ഇടരെ ചികിത്സ തേടുകയും നിലവിൽ പ്രോസ്റ്റേറ്റ് കാൻസർ ചികിത്സ തേടുന്നതിന്റെയും അടിസ്ഥാനത്തിൽ ചികിത്സയ്ക്ക് ചെലവ് ആയിട്ടുള്ള 4,64,556/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവാക്കുന്നതിന് അനുമതിയാണ് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൊല്ലം ജില്ലയിലെ ഇളമാട് ഗ്രാമ

പഞ്ചായത്ത് വൈസ് പ്രസിഡണ്ട്, ശ്രീ എം.എ. സത്താർ നിരവധി അസുഖങ്ങളാൽ ചികിത്സ തേടിയതിന്റെയും നിലവിൽ പ്രോസ്റ്റേറ്റ് കാൻസർ ചികിത്സ തേടുന്നതിന്റെയും അടിസ്ഥാനത്തിൽ ചികിത്സയ്ക്ക് ചെലവായിട്ടുള്ള 4,64,556/-രൂപ (നാല് ലക്ഷത്തിഅറുപത്തിനാലായിരത്തി അഞ്ഞൂറ്റി അമ്പത്തിയാറ് രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും ചെലവാക്കുന്നതിന് ഇളമാട് ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/ പ്രസിഡണ്ട്, ഇളമാട് ഗ്രാമ പഞ്ചായത്ത്, കൊല്ലം ജില്ല.
ശ്രീ. എം. എ. സത്താർ, വൈസ് പ്രസിഡണ്ട്, ഇളമാട് ഗ്രാമ പഞ്ചായത്ത്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ